## പതിമൂന്നാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

നിയമസഭാ ചോദ്യം നമ്പർ : * 28 | 09.06.2014-ൽ മറുപടിക്ക്.

## ജനമൈത്രി പോലീസ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. എം.എ.വാഹീദ്,<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. പാലോട് രവി | ശ്രീ. രമേശ് ചെന്നിത്തല<br>**(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി)** |
| (എ) ജനമൈത്രി പോലീസ് പദ്ധതി സംബന്ധിച്ച് പരാതികൾ പരിഹരിച്ച് കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ; | : **(എ)** ജനമൈത്രി പോലീസ് പദ്ധതി കൂടുതൽ ജനോപകാരപ്രദവും, കാര്യക്ഷമവുമാക്കുന്നതിനായി ബീറ്റ് ഡ്യൂട്ടികൾ ശക്തിപ്പെടുത്തിയിട്ടുണ്ട്. പൊതുജനങ്ങളുമായി നിരന്തരം ബന്ധപ്പെട്ട് അവരുടെ പ്രശ്നങ്ങളിലും, പരാതികളിലും ഫലപ്രദമായ നിയമനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ജനപ്രതിനിധികൾ, റസിഡന്റ്സ് അസ്സോസിയേഷനുകൾ. കുടുംബശ്രീ യൂണിറ്റുകൾ,മറ്റ് സന്നദ്ധ സംഘടനകൾ എന്നിവരെ സംഘടിപ്പിച്ചുകൊണ്ട് ജനമൈത്രി പോലീസ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ബോധവൽക്കരണ പരിപാടികളും, സെമിനാറുകളും നടത്താറുണ്ട്. ഇത്തരം കൂട്ടായ്മകളിൽ ഉയർന്നുവരുന്ന പ്രശ്നങ്ങളിലും, പരാതികളും പൊതുജനസഹകരണത്തോടെതന്നെ നടപടികൾ സ്വീകരിക്കാറുണ്ട്. ജനമൈത്രി പോലീസ് പദ്ധതി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി 03.09.2011 ലെ ജി.ഒ (എം.എസ്) നമ്പർ 201/11/ആഭ്യന്തരം പ്രകാരം 740 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ 20.11.2012 ലെ ജി.ഒ (ആർ.ടി) നമ്പർ 3424/12/ആഭ്യന്തരം പ്രകാരം 100 പോലീസ് സ്റ്റേഷനുകളിൽ കൂടി ജനമൈത്രി പോലീസ് പദ്ധതി വ്യാപിപ്പിച്ചിട്ടുണ്ട്. |
| **(ബി)** പ്രസ്തുത പദ്ധതി സംബന്ധിച്ച് പഠനം നടത്തുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളത് ആരെയാണ്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;<br><br>**(സി)** പഠന റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ: | : **(ബിയും, സിയും )** ജനമൈത്രി പോലീസ് പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തുന്നതിനും പഠനം നടത്തുന്നതിനുമായി ഉദ്യോഗസ്ഥർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിനുമായി പോലീസ് അഡീഷണൽ ഡയറക്ടർ ജനറൽ ഡോ. ബി. സന്ധ്യ ഐ.പി.എസിനെ സംസ്ഥാന നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. കൂടാതെ Influence of Janamaithri Suraksha project on the Communities എന്ന വിഷയത്തിൽ രാജഗിരി |

കോളേജ് ഓഫ് സോഷ്യൽ സയൻസസ്, കൊച്ചിയും, An Evaluation of the Community Policing Programme in Kerala എന്ന വിഷയത്തിൽ റ്റാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസ് എന്ന സ്ഥാപനവും പഠനം നടത്തയിട്ടുണ്ട്. ഈ റിപ്പോർട്ടുകൾ www.keralapolice.org എന്ന വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ഡി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകളിൻമേൽ എന്തെല്ലാം തുടർനടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

(ഡി) പഠനത്തിൽ ചൂണ്ടികാണിച്ചിട്ടുള്ള ശുപാർശകൾക്കനുസരിച്ച് കൂടുതൽ പ്രവർത്തനങ്ങളും, പ്രോഗ്രാമുകളും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നുണ്ട്. ജില്ലാ പോലീസ് മേധാവിയുടെ നേതൃത്വത്തിൽ പോലീസ് ഉദ്യോഗസ്ഥർ ബീറ്റ് സന്ദർശനം, ഗൃഹ സന്ദർശനം എന്നിവ നടത്തി പരിഷ്ക്കരിച്ച പ്രൊഫോർമയിൽ റിപ്പോർട്ട് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 'ആദിവാസി സുരക്ഷയും ജനമൈത്രി പോലീസിന്റെ പങ്ക്', 'വനിതാ ശിശു സുരക്ഷയിൽ ജനമൈത്രി പോലീസിന്റെ പങ്ക്' എന്നീ വിഷയങ്ങളിൽ തൃശ്ശൂരും, തിരുവനന്തപുരത്തും രണ്ടു ദിവസത്തെ പരിശീലന പരിപാടികൾ സംഘടിപ്പിച്ചിരുന്നു. ഈ വർക്ക് ഷോപ്പുകളിൽ Communication skills, Positive Attitude Towards Tribes എന്നീ വിഷയങ്ങളെ അധികരിച്ച് ക്ളാസ്സുകൾ നടന്നു. Senior Citizens, Management of Labour, Communal harmony എന്നീ വിഷയങ്ങളിൽ സെമിനാറുകൾ സംഘടിപ്പിക്കാൻ റേഞ്ച് ഐ.ജി. മാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനായി പ്ലാൻ ഫണ്ടിൽ തുക അനുവദിച്ചിട്ടുണ്ട്. കൂടാതെ ബീറ്റ് ഓഫീസർമാർക്കുള്ള മൂന്നു ദിവസത്തെ പരിശീലന പരിപാടി പോലീസ് ട്രെയിനിംഗ് കോളേജിൽവെച്ച് നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ